**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 81** **05-12-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് വകുപ്പിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2011-16 കാലയളവിലെ പോലീസിൽ മാനദണ്ഡം ലംഘിച്ച് നിയമനം നൽകിയ സൂപ്പർന്യൂമററി തസ്തികയിലുള്ള ജീവനക്കാരുടെ സർവ്വീസ് റഗുലറൈസേഷൻ വൈകുന്നത് മൂലമുണ്ടാകുന്ന സർവ്വീസ്/ സാമ്പത്തിക നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ; | (എ) | ഒരു തസ്തികയിൽ ആകെ ഒരു വർഷമുണ്ടാകുന്ന ഒഴിവിന്റെ 5% മാത്രമേ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനത്തിന് പരിഗണിക്കാനാകൂ. സൂപ്പർന്യൂമററി ക്ലർക്ക് തസ്തികയിൽ 2011-2016 കാലയളവിൽ നിയമിച്ചവർക്ക് വേഗത്തിൽ സ്ഥിരനിയമനം ലഭിക്കുന്നതിന് പഞ്ചായത്ത് വകുപ്പിലേക്ക് ഓപ്ഷന് അവസരം നൽകിയിരുന്നു.അപ്രകാരം അപേക്ഷിച്ചവർക്ക് വകുപ്പ് മാറ്റം അനുവദിച്ചിട്ടുണ്ട്.ഓപ്ഷൻ നൽകാതെ തുടരുന്നവർക്ക് നിലവിലെ സ്ഥിതിയിൽ 5%ഒഴിവ് രേഖപ്പെടുത്തി വരുന്ന മുറയ്ക്ക് മാത്രമേ സ്ഥിരനിയമനം നൽകാനാകൂ. അപ്രകാരം സ്ഥിരനിയമനം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സർവ്വീസിലെ ഒരംഗം എന്ന നിലയിൽ പരിഗണിച്ച് ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ. |
| (ബി) | ആശ്രിത നിയമന (പോലീസ് വകുപ്പ്) അപേക്ഷകൾ കെട്ടികിടക്കുന്നത് തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എത്ര അപേക്ഷകളാണ് ഈ ഇനത്തിൽ ഇനിയും ബാക്കിയുള്ളത് അറിയിക്കുമോ? | (ബി) | പോലീസ് കോൺസ്റ്റബിൾ തസ്തികയിലുൾപ്പെടെയുള്ള മറ്റ് തസ്തികകളിൽ അപേക്ഷിക്കുന്നവർക്ക് മറ്റ് തടസ്സങ്ങളില്ലെങ്കിൽ താമസംവിനാ നിയമനം ലഭിക്കുന്നുണ്ട്. മിനിസ്റ്റീരിയൽ തസ്തികകളിലേക്ക് അപേക്ഷ തീയതിയുടെ മുൻഗണനാക്രമം അനുസരിച്ച് 5%ഒഴിവ് രേഖപ്പെടുത്തി വരുന്ന മുറയ്ക്ക് മാത്രമേ ടി തസ്തികകളിൽ നിയമനം നൽകാൻ സാധിക്കുകയുള്ളൂ. പ്രസ്തുത അപേക്ഷകളിന്മേൽ നിയമനം വേഗത്തിലാക്കുന്നതിനായി പൊതുഭരണ വകുപ്പ് വർഷാവർഷങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ച് തസ്തിക മാറ്റത്തിന് അവസരം നൽകുന്നുണ്ട്.മിനിസ്റ്റീരിയൽ തസ്തികയിൽ ആശ്രിതനിയമനം നൽകുന്നതിന് 234 അപേക്ഷകളാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ